## ബേപ്പൂർ - ചാലിയാർ തീരത്ത് വയലും തണ്ണീർത്തടവും നികത്തിയവർക്കെതിരെ നടപടി

130(4761) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ രാമനാട്ടുകര പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിൽ ചാലിയാർ തീരത്ത് വൻതോതിൽ വയലും തണ്ണീർത്തടവും നിയമവിരുദ്ധമായി നികത്തുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് രാമനാട്ടുകര വില്ലേജ് ഓഫീസർ കോഴിക്കോട് തഹസീൽദാർക്ക് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ;

(ഡി) നിയമവിരുദ്ധമായി വയലും തണ്ണീർത്തടവും നികത്തിയവർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ മൂർക്കനാട് ഭാഗത്ത് നെൽവയലും തണ്ണീർത്തടവും മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഇതുസംബന്ധിച്ച് കരിങ്കല്ലായ്-ചാലിപ്പാടം നെൽവയൽ സംരക്ഷണ സമിതി പരാതി സമർപ്പിച്ചിട്ടുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ രാമനാട്ടുകര വില്ലേജ് ഓഫീസർ സ്റ്റോപ് മെമ്മോ നൽകുകയും പ്രസ്തുത വിവരം കോഴിക്കോട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ മിച്ച ഭൂമി വിതരണം

131(4762) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പാലക്കാട് ജില്ലയിൽ എത്ര മിച്ച ഭൂമി വിതരണം ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly